ദേശാഭിമാനി KRS 2020 ഡിസംബർ 19 ശനി

# ഹരിതകുട ചൂടാൻ താഴെക്കാവിൽ മിയവാക്കി ഒരുങ്ങുന്നു

**പിണറായി**

അണ്ടലൂർ താഴെ കാവിൽ 'മിയാവാക്കി' പച്ചത്തുരുത്ത് ഒരുക്കുന്നതിന്റെ ഭാഗമായി തൈകൾ വച്ച് പിടിപ്പിക്കുന്നതിന്റെ ഉദ്ഘാടനം പി രമ്യ നിർവഹിച്ചു. എം മനോഹരൻ അധ്യക്ഷനായി. ഊരാളൻ ഗിരീഷനച്ഛൻ, പനോളി മുകുന്ദനച്ഛൻ, ഭാസ്കരനച്ഛൻ, അരയാക്കണ്ടി സലീ, സിഡി പ്രേമരാജ്, ചാലാടൻ വിജയൻ, ഗണേഷ്, സഹീന, പൊലപ്പാടി രമേശൻ എന്നിവർ സംസാരിച്ചു.



അണ്ടലൂർ താഴെക്കാവിൽ 'മിയാവാക്കി' പച്ചത്തുരുത്ത് ഒരുക്കുന്നതിന്റെ ഉദ്ഘാടനം പി രമ്യ നിർവഹിക്കുന്നു

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ മാതൃകാ വനവൽക്കരണ പദ്ധതിയായ 'മിയാവാക്കി' യിൽ നൂറിലധികം തൈകളാണ് വച്ച് പിടിപ്പിക്കുക. മുഖ്യമന്ത്രി പിണറായി വിജയന്റെ ഇടപെടലിനെതുടർന്ന് വനംവകുപ്പ് എട്ട് ലക്ഷം രൂപ ചെലവിലാണ് പച്ചത്തുരുത്ത് ഒരുക്കുന്നത്.